**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജല അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിനായി കുടിവെള്ളേതര പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) | കേരളവാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി കുറച്ചു കൊണ്ടു വരുന്നതിനായി ജലവിതരണത്തിലൂടെ അല്ലാതെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സർക്കാർ പ്രാഥമികമായി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ജല അതോറിറ്റിയുടെ ഉപയോഗശൂന്യമായ ഭൂമിയിൽ വ്യാപാര വാണിജ്യകേന്ദ്രങ്ങൾ തുടങ്ങാനും വിനോദസഞ്ചാര മേഖലകളിൽ അടക്കമുള്ള ഗസ്റ്റ് ഹൗസുകൾ നവീകരിച്ച് പൊതുജനങ്ങൾക്ക് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവവും ഉപയോഗിച്ച് ജലേതരവരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കൂടുതൽ പദ്ധതികൾ അതോറിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ കേരളവാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും, പുതിയ ഗസ്റ്റ് ഹൗസുകൾ നിർമ്മിച്ച് ഓൺലൈൻ ബുക്കിംഗ് സംവിധാനം വഴി പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ട്. അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതകൾ വികസിപ്പിക്കാനുള്ള പദ്ധതികൾ, അതോറിറ്റിയുടെ സ്ഥലങ്ങൾ, ആസ്തികൾ എന്നിവ പ്രയോജനപ്പെടുത്തി ഊർജ്ജ സംരക്ഷണ പദ്ധതികൾ, വെല്ലിങ്ടൺ വാട്ടർ വർക്ക്സും ഘടകങ്ങളും അതോറിറ്റി ഹെഡ് ഓഫീസ് പരിസരവും സാംസ്കാരികവും, വിദ്യാഭ്യാസ പരവുമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതികൾ, കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രപ്രദർശനം (വാട്ടർ മ്യൂസിയം), വാണിജ്യകേന്ദ്രങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ, പരസ്യ ബോർഡുകൾ, പാർക്കിംഗ് സൗകര്യം തുടങ്ങിയ പരമാവധി വരുമാനം ലഭിക്കുന്ന പദ്ധതികളും പരിഗണനയിലാണ്. |
| (സി) | ഈ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന വരുമാന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 10% - 20% വരെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ